കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോട്ടോപ്പാടംഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ പികെഡി9-1644/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി. 02.11.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കോട്ടോപ്പാടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :കോട്ടോപ്പാടംഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഇമെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ പികെഡി9-1644/2017 തിയ്യതി: 02.11.2017.

## പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.10.2016 മുതൽ 13.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2016-17)

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ - സുനിൽദാസ്
ഓഡിറ്റിന് വിനിയോഗിച്ച സമയം - 14.7.2017മുതൽ 22.7.2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ കെ ജി റോബർട്ട് | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ കെ സി ഹരിഗോബിന്ദ് | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ എം ശിവപ്രസാദ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| പേര് | കാലയളവ് |
|---|---|
| ശ്രീ മുഹമ്മദ് ഇക്ബാൽ | 01-04-2016 മുതൽ 31-3-2017 വരെ |

സെക്രട്ടറി

| നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി ചന്ദ്രിക.എം.പി (അസി.സെക്രട്ടറി)അധികചുമതല | 01-04-16 മുതൽ 19-5-16 വരെ |
| 2 | ശ്രീ ആഷിഫ്.പി (ഹെഡ്ക്ളാർക്ക്)അധികചുമതല | 20-05-16 മുതൽ 17-8-16 വരെ |

| | | |
|---|---|---|
| 3 | ശ്രീ ഫ്രാൻസിസ്.ഇ.ഒ<br>(സെക്രട്ടറി,അലനല്ലൂർ)അധികച്ചുമതല | 18-08-16 മുതൽ 22-9-16 വരെ |
| 4 | ശ്രീ സന്തോഷ് വർഗ്ഗീസ് (അസി.സെക്രട്ടറി)അധികച്ചുമതല | 23-09-16 മുതൽ 21-12-16 വരെ |
| 5 | ശ്രീ അജ്മൽ.ജെ | 22-12-16മുതൽ 20-1-17 വരെ |
| 6 | ശ്രീമതി ശ്രീകുമാരി.ടിവി<br>(അസി.സെക്രട്ടറി)അധികച്ചുമതല | 21-1-17 മുതൽ 31-3-17 വരെ |

<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| | | | |
|---|---|---|---|
| 1 | അസി.സെക്രട്ടറി | ശ്രീമതി ചന്ദ്രിക.എം.പി | 01-04-16 മുതൽ 31-5-16 വരെ |
| 2 | ,, | ശ്രീ സന്തോഷ് വർഗ്ഗീസ് | 17-9-16 മുതൽ 7-1-17 വരെ |
| 3 | ,, | ശ്രീമതി ശ്രീകുമാരി.ടിവി | 12-01-17 മുതൽ 31-3-17 വരെ |
| 1 | അസി. എഞ്ചിനീയർ | ശ്രീ വി.പി.രാജേഷ് | 01-04-16 മുതൽ 26-5-16വരെ |
| 2 | ,, | ശ്രീ കെ.അബ്ദുൾഅസ്സീസ് | 26-5-16 മുതൽ 31-32017വരെ |
| 1 | കൃഷിഓഫീസർ | | 01-04-16 മുതൽ 31-3-17 വരെ |
| 2 | വെറ്ററിനറി സർജ്ജൻ | ശ്രീ ഡോ.ദിനേശൻ | 01-04-16 മുതൽ 31-3-17 വരെ |
| 1 | വി.ഇ.ഒ | ശ്രീ സി.ഷൌക്കത്തലി | 01-04-16 മുതൽ 20-10-16 വരെ |
| 2 | ,, | ശ്രീ സന്തോഷ് കുമാർ.കെ.വി | 21-10-16 മുതൽ 21-2-17 വരെ |
| 3 | ,, | ശ്രീ നന്ദകുമാർ.പി | 22-2-17 മുതൽ 31-3-17 വരെ |
| 1 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഹാജിറാബീവി | 01-04-16 മുതൽ 31-3-17 വരെ |
| 1 | മെഡിക്കൽ ഓഫീസർ-CHC | ഡോ. ശ്രീ അബ്ദു,കല്ലടി | 01-04-16 മുതൽ 31-3-17 വരെ |
| 1 | മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ശ്രീ ദിനേശൻ | 01-04-16 മുതൽ 31-3-17 വരെ |
| 1 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ദിവ്യ.പി | 01-04-16 മുതൽ 31-3-17 വരെ |
| 1 | ഹെഡ്മാസ്റ്റർ | ശ്രീ ശശി.ഇ എൻ | 01-04-16 മുതൽ 31-3-17 വരെ |

<u>ഉള്ളടക്കം</u>

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-1 |
| 2 | തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 3 | ദുരിതാശ്വാസ നിധി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 2-3 |
| 4 | പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ | 2-4 |
| 5 | ഡി&ഒ ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ | 2-5 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്- വനിത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയതിന്റെ തുടർവിനിയോഗ വിവരം ലഭ്യമല്ല | 3-1 |
| 2 | ഐ.എ.വൈ ഭവനനിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-2 |
| 3 | ഭവനനിർമ്മാണം-എസ്.സി -രേഖ ഹാജരാക്കിയില്ല | 3-3 |
| 4 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവിന് സബ്സിഡി നല്കി: | 3-4 |
| 5 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം അപാകതകൾ | 3-5 |
| 6 | മുൻ സാമ്പത്തിക വർഷത്തെ എസ്.എസ്.എ വിഹിതത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് - സംബന്ധിച്ച് | 3-6 |
| 7 | കോട്ടോപ്പാടം ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കാത്തത് - സംബന്ധിച്ച്. | 3-7 |
| 8 | പി.എച്ച്.സി. ആവശ്യങ്ങൾക്കായി ലഭ്യമാക്കിയ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത്- സംബന്ധിച്ച് | 3-8 |
| 9 | കന്നുകുട്ടി പരിപാലന പദ്ധതി വിഹിതം അനുവദിച്ചതിനുള്ള ധനവിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്. | 3-9 |
| 10 | പ്രോജക്റ്റ് നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ നിന്നും മാർഗ്ഗരേഖയിൽ സൂചിപ്പിച്ച രേഖകൾ വാങ്ങി സൂക്ഷിക്കാത്തത് - സംബന്ധിച്ച്. | 3-10 |
| 11 | പദ്ധതി വിഹിതം പൂർണ്ണമായി ലഭ്യമാക്കാത്തതിനാൽ വിഭാവനം ചെയ്ത ലക്ഷ്യ പ്രാപ്തികൾ കൈവരിക്കാൻ സാധ്യമാകാത്തത് - സംബന്ധിച്ച്. | 3-11 |
| 12 | തൻ വർഷത്തിൽ വിഭാവനം ചെയ്ത മിക്ക പദ്ധതികളും സ്പിലോവറായി വരും വർഷങ്ങളിൽ തുടരുന്നത് - സമ്പന്ധിച്ച് | 3-12 |
| 13 | മാർഗ്ഗദീപ്തിക്ക് ലഭ്യമാക്കിയ മരുന്ന് കുറവായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് - സംബന്ധിച്ച് | 3-13 |
| 14 | ആയുർവ്വേദ മരുന്നുകൾ ലഭ്യത,സ്റ്റോക്ക് എന്നിവ സംബന്ധിച്ച്:- | 3-14 |
| 15 | തൊഴിലുറപ്പുപദ്ധതി മുഖേനയുള്ള കിണർ നിർമ്മാണം-പൂർത്തീകരണം ഉറപ്പാക്കണം:- | 3-15 |
| 16 | ഇ ടെൻഡർ ഫീ തുക ഗ്രാമപഞ്ചായത്തിലേക്ക് ലഭിക്കുന്നില്ല. | 3-16 |
| 17 | സമ്പൂർണ്ണ ശൗചാലയ നിർമ്മാണ പദ്ധതി വിഹിതം ഭാഗികമായി കൈപ്പറ്റി പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെ - സംബന്ധിച്ച് | 3-17 |
| 18 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. | 3-18 |
| 19 | ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം-അവലോകനം | 3-19 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| |
|---|
| 2016-17ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി |
| തീരുമാനം നം.1, 04-03-2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-07-2017 | 10-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 27905916 |
| വരവ് | 60821826 |
| ആകെ | 88727742 |

| | |
|---|---|
| ചെലവ് | 51555822 |
| നീക്കിബാക്കി | 37171920 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | വിനിയോഗിക്കാത്ത തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17347089 | 17347089 | 16048365 | 1298724 | 92.51 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 7566771 | 7566771 | 4904523 | 2662248 | 64.81 |
| വികസന ഫണ്ട്(ടിഎസ് പി) | 0 | 159120 | 159120 | 114106 | 45014 | 71.71 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8593662 | 8593662 | 4456974 | 4136688 | 51.86 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4698765 | 4698765 | 4456974 | 684669 | 94.85 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9728620 | 9728620 | 3804677 | 5923943 | 39.10 |
| ലോക ബാങ്ക് സഹായം | 0 | 24896 | 24896 | 24896 | 0 | 100 |
| ബി ഫണ്ട് | 0 | 50074345 | 50074345 | 50074345 | 0 | 100 |
| എം.ജി. എൻ. ആർ.ഇ.ജി.എസ് | 35708 | 15108887 | 15144595 | 15036161 | 108434 | 99.28 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 174 | 116 | 24 | 34 | 67% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 937348 | 282720 | 30% |
| വെറ്ററിനറി സർജൻ | 3 | 3 | 2540000 | 1417000 | 56% |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3 | 3 | 690000 | 544848 | 79% |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100% |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 700000 | 700000 | 100% |
| വി.ഇ.ഒ. | 16 | 14 | 18646500 | 9524800 | 51% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 8 | 9109600 | 6805994 | 75% |
| സെക്രട്ടറി | 14 | 9 | 4420879 | 794948 | 18% |
| പ്രധാനാദ്ധ്യാപിക | 2 | 2 | 1599000 | 1599000 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 107 | 85 | 26838583 | 14759514 | 55% |
| അസിസ്റ്റന്റ്സെക്രട്ടറി | 12 | 8 | 7290000 | 2359120 | 32% |
| ആകെ | 172 | 138 | | | |

# 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ തനതുവരുമാനത്തിലെ വർദ്ധനവ്/കുറവ് താഴെ കൊടുക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4032534 | 4748887 | 716353 | +17.77 % |
| നികുതിയേതര വരവുകൾ | 897259 | 838863 | (-)58396 | (-)6.51 % |
| മറ്റ് വരവുകൾ | 176471 | 115817 | (-)60654 | (-)34.38% |
| ആകെ | 5106264 | 5703567 | +597303 | + 11.70 % |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 28 | 16 | 8 | 4എണ്ണം പുനരന്വേഷണം |
| 2 | തൊഴിൽ രഹിത വേതനം | 18 | 9 | 3 | 6എണ്ണം പുനരന്വേഷണം |
| 3 | വിധവാ പെൻഷൻ | 150 | 111 | 39 | --- |

| | | | | | |
|---|---|---|---|---|---|
| 4 | വികലാംഗ പെൻഷൻ | 54 | 39 | 15 | --- |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 4 | 1 | 9എണ്ണം പുനരന്വേഷണം |
| 6 | വാർദ്ധക്യകാല പെൻഷൻ | 533 | 476 | 14 | 43എണ്ണം പുനരന്വേഷണം |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.7.2017ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 20536/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 17.7.17-18.7.17 | 1.6.2017 - 30.6.2017 | --- | -ഇല്ല- |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 8.8.2009-18.8.2009 | 2004-05 - 2008-09 | 25.9.2009 | -ഇല്ല- |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | മൊബൈൽ ടവർ ഏജൻസിയുടെ പേര് | കുടിശ്ശിക ഈടാക്കാനുള്ളത് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് (വാർഡ് -3) | 2011-12 മുതൽ | 135757 |
| 2 | എസ്സാർ ടെലകോം ലിമിറ്റഡ് | 2010-11മുതൽ | 71710 |

| | | | |
|---|---|---|---|
| 3 | ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 2011-12 മുതൽ | 61102 |
| 4 | ടാറ്റാ ഇൻഡികോം | 2009-10 മുതൽ | 26929 |
| 5 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2011-12 മുതൽ | 24623 |
| 6 | ഭാരതിയാർ എയർടെൽ | 2007-08 മുതൽ | 15940 |
| 7 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 2010-11 മുതൽ | 52860 |
| 8 | ഇന്ത്യൻ ടെലകോം ഇൻഫ്രാസ്ട്രക്ചർ | 2012-13 മുതൽ | 30524 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/21.7.17) കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനും വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ (2015-16) നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-2 <u>തൊഴിൽനികുതി ഈടാക്കിയിട്ടില്ല</u>

എ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരോൽപ്പാദക സഹകരണ സംഘം, കണ്ടമംഗലം എന്ന സ്ഥാപനത്തിന്റെ സ്ഥാപന നികുതി 2016-17 ൽ ഈടാക്കിയിട്ടില്ല.

ബി പഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

സി കേരളാ പഞ്ചായത്ത് രാജ് സെക്ഷൻ 204(I),(II), എ(I) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസമോ, അതിൽ കൂടുതലോ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജോലി ചെയ്യുന്ന താഴെ പറയുന്നവരിൽ നിന്നും ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധവർഷം | വരുമാനം |
|---|---|---|---|---|
| 1 | മീന ജി.എൽ | എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടന്റ് | ഒന്നാംഅർദ്ധവർഷം | 52722 |
| 2 | മുഹമ്മദ് | എൻ.ആർ.ഇ.ജി.എസ് | ഒന്നാംഅർദ്ധവർഷം | 80122 |

| | | | | |
|---|---|---|---|---|
| | സബിത് | ഓവർസിയർ | രണ്ടാംഅർദ്ധവർഷം | 105400 |
| 3 | അബു സാലിഹ് | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ഒന്നാംഅർദ്ധവർഷം | 79425 |
| | | | രണ്ടാംഅർദ്ധവർഷം | 70850 |
| 4 | രതീഷ് | എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടന്റ് | രണ്ടാംഅർദ്ധവർഷം | 100400 |
| 5 | ദീപ.ടി | എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടന്റ് | രണ്ടാംഅർദ്ധവർഷം | 64152 |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ദുരിതാശ്വാസ നിധി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. അരിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ ദുരിതാസ്വാസ നിധിക്ക് അക്കൗണ്ട് ഉണ്ടെങ്കിലും (5808) ആയതിൽ 2017 മാർച്ച് 31 ന് നീക്കിയിരിപ്പായി 862 രൂപ മാത്രമാണ് ഉള്ളത്. പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായം നൽകുന്നതിനായി ഫണ്ടിനു വേണ്ടി തുക ഫലപ്രദമായി സ്വരൂപിക്കുന്നതിനും വിനിയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

റവന്യൂ വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല.

സ.ഉ (അ) നമ്പർ 19/2011/ത.സ്വ.ഭ.വ തീയ്യതി 14.1.2011 പ്രകാരം വസ്തുനികുതി നിർണ്ണയത്തിന് കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്രമീറ്റർ വിസ്തീർണ്ണത്തിന് നിരക്കുകൾ നിർണ്ണയിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കിലുള്ള നികുതിയാണ് പഞ്ചായത്തിൽ ചുമത്തിയിരിക്കുന്നത്.

ആയതിനാൽ നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പരസ്യനികുതി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പഞ്ചായത്ത്

പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

2016-17 ൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 270208 രൂപയും കുടിവെള്ള പദ്ധതികൾക്കായി 547655 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

## 2-5 ഡി&ഒ ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ

10.01.13-ലെ സർക്കുലർ നമ്പർ 66562/ആർ.സി.3/12/ത.സ്വ.ഭ.വ. പ്രകാരം ഹെൽത്ത് ഇൻസ്പെക്ടറുടെ സ്ഥലപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ ഡി&ഒ ലൈസൻസുകൾ നൽകാൻ പാടില്ലെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളിന്മേലുള്ള സ്ഥല പരിശോധനാ റിപ്പോർട്ടും സെക്രട്ടറിയുടെ തീരുമാനവും രേഖപ്പെടുത്താതെയാണ് ഭൂരിഭാഗം ലൈസൻസുകളും ഓഡിറ്റ് കാലയളവിൽ നൽകിയിട്ടുള്ളത്. കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പാലിക്കേണ്ടതും, വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ക്വാറികൾ, വ്യവസായ സ്ഥാപനങ്ങൾ. മറ്റു വ്യാപാരസ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കാതെ പല സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചതായിക്കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | D&O ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | അപേക്ഷകന്റെ പേരും വിലാസവും | സ്ഥാപനം | നിരാക്ഷേപ പത്രം ഇല്ലാത്തത് | ബാധകമായ ഉത്തരവ് |
|---|---|---|---|---|---|
| 1 | 5 | ചന്ദ്രശേഖരൻ. പി<br>പച്ചീരി വീട്<br>കച്ചേരിപറമ്പ് | പലച്ചരക്ക് കട | ഫുഡ് സേഫ്റ്റി, സാനിറ്ററി സർട്ടിഫിക്കറ്റ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010 ലെ PCB/HO /KTM/16741 /09/09 നമ്പർ സർക്കുലർ |
| 2 | 7 | ഫാം എംപ്ലോയിസ്<br>കോപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | പലച്ചരക്ക് | ” | ” |

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പുകൾ 232, 233, 234 & 254, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്- വനിത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയതിന്റെ തുടർവിനിയോഗ വിവരം ലഭ്യമല്ല

പ്രൊജക്ട് : കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്

പ്രൊജക്ട് നമ്പർ : 168/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 3,40,000 (പദ്ധതി വിഹിതം)
ചെലവ് : 1,10,000 (പദ്ധതി വിഹിതം)

ബിൽ നമ്പർ : 9/16-17 dt 31.3.17

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ എന്ന പ്രൊജക്ട് പ്രകാരം 1,10,000 രൂപ താഴെ പറയുന്ന 11 കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | കുടുംബശ്രീ യൂണിറ്റിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | അനുഗ്രഹ | 10,000 |
| 2 | കൈരളി | 10,000 |
| 3 | അക്ഷയ | 10,000 |
| 4 | അക്ഷര | 10,000 |
| 5 | സംസം | 10,000 |
| 6 | ശ്രീയാസ് | 10,000 |
| 7 | സ്ത്രീശക്തി | 10,000 |
| 8 | സ്നേഹ | 10,000 |
| 9 | ശബാന | 10,000 |
| 10 | സബാമർവ | 10,000 |
| 11 | ശ്രീഭാഗ്യലക്ഷ്മി | 10,000 |
| | | 1,10,000 |

രേഖകൾ പരിശോധിച്ചതിൽ ടി പദ്ധതിയിൻ കീഴിൽ മേൽപറഞ്ഞ കുടുംബശ്രീ യൂണിറ്റുകൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത യൂണിറ്റുകൾ തുക ചെലവഴിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 9/21.7.17). പ്രസ്തുത കുടുംബശ്രീ യൂണിറ്റുകളിൽ ഏതെല്ലാം പ്രവർത്തന ക്ഷമമാണെന്നോ നിഷ്ക്രിയമാണെന്നോ ഉള്ള വിവരവും ലഭ്യമായില്ല. സ.ഉ. (എം.എസ്) നം. 82/2000 ത.സ്വ.ഭ.വ. തീയ്യതി 14.03.2000 പ്രകാരം തൊഴിൽ സംരഭങ്ങൾ ആരംഭിക്കാതിരിക്കുകയോ, പ്രവർത്തനം നിർത്തലാക്കുകയോ ചെയ്യുമ്പോൾ അനുവദിക്കുന്ന ധനസഹായം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ഐ.എ.വൈ ഭവനനിർമ്മാണം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം മണ്ണാർക്കാട് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം ( 9/21.7.17 ) നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമനമ്പർ | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 1 | 25 | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ-പട്ടിക ജാതി | 4/16-17 dt 10.03.17 | 20,000 |
| 2 | 175 | ഐ.എ.വൈ. ഭവനനിർമ്മാണം-2015-16 അധികവിഹിതം നൽകൽ-പട്ടികജാതി | 3/16-17 dt 10.03.17 | 14,00,000 |
| 3 | 176 | ഐ.എ.വൈ. ഭവനനിർമ്മാണം-2015-16 അധികവിഹിതം നൽകൽ-പട്ടികവർഗ്ഗം | 7/16-17 dt 10.03.17 | 50,000 |

| | | | | |
|---|---|---|---|---|
| 4 | 177 | ഐ.എ.വൈ. ഭവനനിർമ്മാണം-2015-16 ബാക്കിവിഹിതം നൽകൽ- പട്ടികവർഗ്ഗം | 6/16-17 dt 10.03.17 | 34,120 |

മേൽപറഞ്ഞ തുകകളുടെ വിനിയോഗ രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 3-3 ഭവനനിർമ്മാണം-(എസ്.സി) -രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ -151/17

പ്രൊജക്ട് - ഭവനനിർമ്മാണം-(എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ - 1/16-17 dt 19.12.16

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബിൽ നമ്പർ 1/16-17 പ്രകാരം 50,000 രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം 9/21.7.17 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താവിന് സബ്സിഡി നല്കി:

പ്രോജക്റ്റ് നംമ്പർ 150/17 പ്രകാരം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ ക്ഷീര കർഷകർക്കുള്ള സബ്സിഡി എന്ന പ്രോജക്റ്റിന്റെ ബിൽ നംമ്പർ: 1/2016-17 (28.3.2017 ) പ്രകാരം പ്ളാൻഫണ്ടിലൂടെ പിൻവലിച്ച2,71,528/-രൂപ 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ 77 ക്ഷീരകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഫയൽ വിശദമായി പരിശോധിച്ചതിൽ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത ശിവൻ,കുന്നത്ത്കുടി എന്ന ഗുണഭോക്താവിന് സബ്സിഡിയായി 5127 /- രൂപ നല്കിയിട്ടുണ്ട്. ടിയാന്റെ അർഹത സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ ടി തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം-അധികതുക തിരിച്ചടക്കേണ്ടതാണ്

2016-17സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ പരിശോധനയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് പ്രോജക്റ്റ് നംമ്പർ: 60/16-17,ആയി "ബാലൻപടി പാലാട്ട് റോഡ്" പൂർത്തീകരിച്ച് ബില്ല് നല്കിയപ്പോൾ കൺവീനർ സമർപ്പിച്ച കണക്ക്

പരിശോധിക്കാതെ അളവിനനുസരിച്ച് തുക അനുവദിച്ച് നല്കിയതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് താഴെപ്പറയും പ്രകാരം നഷ്ടം സംഭവിച്ചു.ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ ബിൽ അനുവദിച്ച് നല്കുമ്പോൾ കമ്മിറ്റി സമർപ്പിക്കുന്ന യഥാർത്ഥ ചെലവ് നിലവിലുള്ള പൊതുമരാമത്ത് നിരക്കുകൾ പ്രകാരം നല്കാവുന്ന പരമാവധി തുകയിൽ പരിമിതിപ്പെടുത്തി മാത്രമാണ് നല്കേണ്ടത്. എന്നാൽ ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവുപുസ്തകം 25/16-17പ്രകാരം എസ്റ്റിമേറ്റിലുൾപ്പെട്ട ആദ്യ രണ്ടിനങ്ങളായ സർഫസ് ഡ്രസ്സിംഗും പാറപ്പൊടികൊണ്ടുള്ള ഫില്ലിംഗും നിർവ്വഹണം ചെയ്യാതെ ഒഴിവാക്കിയിട്ടുണ്ട്. മൂന്നാമിനമായ 1:2:4 അനുപാതത്തിലുള്ള 40എംഎം മെറ്റൽ കൊണ്ടുള്ള സിമെന്റ്കോൺക്രീറ്റ് എസ്റ്റിമേറ്റിലും അധികരിച്ച് നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃസമിതിയുടെ കണക്കുകൾ പരിശോധിച്ചതിൽ നിർവ്വഹണം നടത്തിയിട്ടില്ലാത്ത പാറപ്പൊടികൊണ്ടുള്ള ഫില്ലിംഗിന് വേണ്ടി 33.96എം3ന് വിലയായി 15000/-രൂപയും മസ്റ്റർറോൾ പ്രകാരം സർഫസ് ഡ്രസ്സിംഗിനും പാറപ്പൊടിവിതറുവാനും വേണ്ടി 20 സാധാരണ തൊഴിലാളികൾക്ക് 600/-രൂപാ നിരക്കിൽ 12000/-രൂപയും നല്കിയിട്ടുണ്ട്. ആയതടക്കം ഗുണഭോക്തൃസമിതിയുടെ ആകെ ചെലവ് 2,27,808/-രൂപയായി ബോദ്ധ്യപ്പെട്ട് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ അളവുപുസ്തകം ഇനം"3"പ്രകാരം അളവിനനുസൃതമായി 1:2:4അനുപാതത്തിലുള്ള സിമെന്റ് കോൺക്രീറ്റിന് ഒരു എം3ന് 6938.86 രൂപ നിരക്കിൽ 32.175എം3 ന് 223257.82രൂപ അനുവദിച്ച് അടങ്കലിൽ പരിമിതപ്പെടുത്തി 2,20,000/- നല്കുകയുമാണുണ്ടായത്. എന്നാൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തുന്ന പ്രവർത്തികളുടെ തുക നല്കുന്നത് യഥാർത്ഥ ചെലവ് മാത്രമാണെന്നതിനാൽ ഗുണഭോക്തൃസമിതി സമർപ്പിച്ച 2,27,808 രൂപയിൽ നിന്ന് നിർവ്വഹണം നടത്താതിരുന്നതിനാൽ യഥാർത്ഥത്തിൽ ചെലവഴിക്കാത്തതായ 27000/-രൂപ (15,000+12,000=27,000/-) കഴിച്ച് 2,00,808 രൂപയും 6% നികുതിയായ 12048/- രൂപയടക്കം അനുവദനീയമായ തുക 212856/- രൂപയാണെന്നതിനാൽ അധികം അനുവദിച്ചു നൽകിയ 7144/- രൂപ (220000-212856) കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച് 21.7.2017ന് നൽകിയ 7-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. മേല്പറഞ്ഞ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 200ബാഗ് (10000കിലോഗ്രാം) സിമെന്റ് മാത്രമാണുപയോഗിച്ചത് എന്നത് പ്രത്യേകം ശ്രദ്ധാർഹമാണ്.

## 3-6 എസ്.എസ്.എ വിഹിതം ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

കോട്ടോപ്പാടം ഗ്രാമ പഞ്ചായത്തിലെ ഹെഡ്മാസ്റ്റർ 2015-16 ൽ അനുവദിച്ച എസ്.എസ്.എ പദ്ധതിവിഹിതത്തിന് ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.എ ., പാലക്കാട്ടിൽ നിന്നും ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല.ഓഡിറ്റ് കാലയളവിൽ എസ്.എസ്.എ വിഹിതം അനുവദിച്ചതിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | SOO11/17 |
| പേര് | എസ്.എസ്.എ വിഹിതം |
| അടങ്കൽ | 15,00,000 |
| ചെലവ് | 15,00,000 |
| ബിൽ നം./ | 1/16/17/19/12/2016 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

2015-16ൽ പാലക്കാട് ഡിസ്ട്രിക്റ്റ് പ്രോജക്റ്റ് ഓഫീസർക്ക് അനുവദിച്ച എസ്.എസ്.എ വിഹിതത്തിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-7 ഹോമിയോ ഡിസ്പ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം | S0016/2017 |
| പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ബിൽ നം./തീയ്യതി | 1/16-17/22/2/17 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ ജി.എച്ച്.ഡി |

മേൽ പറയുന്ന പ്രോജക്റ്റ് പ്രകാരം കോട്ടോപ്പാടം ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുവാനായി ആലപ്പുഴയിലെ ഹോംകോയുടെ എ.സ്.ബ.ഐ അക്കൗണ്ട് നം. 34306403911ലേക്ക് 22.2.17ന് 1,00,000/- രൂപ നിർവ്വഹണോദ്യോഗസ്ഥ നൽകിയിട്ടുണ്ട്. ടി തുകയ്ക്കുള്ള മരുന്നുകൾ നാളിത് വരെ സ്പ്പെൻസറിയിലേക്ക് ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിനെ കുറിച്ച് നിർവ്വഹണോദ്യോഗസ്ഥയോട് വാക്കാൽ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ ഹോംകോയുടെ മാനേജിംഗ് ഡയറക്ടർ മരുന്നുകൾ ഉടൻ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് രേഖാമൂലം വിശദീകരിക്കുകയുണ്ടായി. മരുന്നുകൾ ലഭ്യമാക്കുവാനുള്ള അനന്തര നടപടികൾ പൂർത്തീകരിച്ച് യഥാവിധ രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 പി.എച്ച്.സി-മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

1. 2016-17 ൽ പി.എച്ച്.സി. മെഡിക്കൽ ഓഫീസർ മരുന്നുകൾ ലഭ്യമാക്കുവാനായി നിർവ്വഹിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പേര് | അടങ്കൽ | ചെലവ് | ബിൽ നം./തീയ്യതി |
|---|---|---|---|---|
| S006/17 | മാർഗ്ഗദീപ്തിക്ക് മരുന്ന് വിതരണം | 1,00,000 | 58,000 | 9/16-17 /31/3/17 |

മേൽ പ്രോജക്റ്റ് പ്രകാരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും (ബിൽ നം.110873 തീയ്യതി 27.3.17)ന് ലഭ്യമാക്കിയ മരുന്നുകളിൽ ബില്ലിലെ ക്രമ നം.12 പ്രകാരം 2925 രൂപയ്ക്ക് ലഭ്യമാക്കിയ

മരുന്നുകൾ ഒഴിച്ച് മറ്റ് മരുന്നുകൾ ഒന്നും തന്നെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.യഥാവിധ രേഖപ്പെടുത്തലുകളോടുകൂടി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. (58000-2925=55,075/-)

2.

| പ്രോജക്റ്റ് നം | പേര് | അടങ്കൽ | ചെലവ് | ബിൽ നം./തീയ്യതി |
|---|---|---|---|---|
| SOO6/17 | മാർഗ്ഗദീപ്തിക്ക് മരുന്ന് വിതരണം | 1,00,000 | 41,977 | 5/16-17 /25/3/17 |
| S007/17 | സാന്ത്വനപരിചരണം | 57,000.00 | 51352.00 | 6/16-17 /17.3.17 |

മേൽ സൂചിത 2 പ്രോജക്ടുകളിലെ വിഹിതം നൽകി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും (ബിൽ നം.86339 തീയ്യതി 12.1.17)നം 12.1.2017 ലെ ബിൽ നമ്പർ 86335 പ്രകാരവും ലഭ്യമാക്കിയ മരുന്നുകളോന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. യഥാവിധ രേഖപ്പെടുത്തലുകളോടു കൂടി സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. (51352.00, 41,977.00). കൂടാതെ മേൽ സൂചിത പ്രോജകറ്റ് പ്രകാരം നീതി മെഡിക്കൽ സെന്ററിൽ നിന്നും ബിൽ നം. S-77738 പ്രകാരം 28000 രൂപയ്ക്ക് ലഭ്യമാക്കിയ മരുന്നുകളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കുന്നതുവരെ ഈ തുക തടസ്സപ്പെടുത്തുന്നു. മരുന്നുകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ സമയബന്ധിതമായി ഹാജരാക്കേണ്ടതാണ്. അല്ലെങ്കിൽ ഉത്തരവാദിയുടെ പേരിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 125052 രൂപയുടെ (55075+41977+28000) ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം : SOO30/17

പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥ : വെറ്റിനറി സർജൻ

അടങ്കൽ : 12.5 ലക്ഷം

| | | |
|---|---|---|
| സംസ്ഥാന വിഹിതം | 25% | 3,12,500/- |
| വികസന ഫണ്ട് | 25% | 3,12,500/- |
| ഗുണഭോക്തൃ വിഹിതം | 50% | 6,25,000/- |
| ആകെ | 100% | 12,50,000/- |

ചെലവ് : 1,75,000/- (വികസന ഫണ്ട്)

| ബിൽ നം / തീയതി : | തുക | അസിസ്റ്റന്റ് ഡയറക്ടർക്ക് തുക കൈമാറിയ തീയതി |
|---|---|---|

| | | |
|---|---|---|
| 4/2016-17 /31/3/17 | 1,75,000/ | 31/3/2017 |
| ആകെ | 1,75,000/ | |

മേൽ പറഞ്ഞ പ്രോജക്റ്റ് പ്രകാരം 50 ഗുണഭോക്താക്കൾക്ക് വിഹിതം അനുവദിക്കുവാനായി വിഭാവനം ചെയ്തെങ്കിലും 28 പേർക്കാണ്പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്. ഇവർക്കുള്ള വിഹിതം പാലക്കാട് കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർ പാലക്കാടിന് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം : 714021400000008) 31.3.17ന് കൈമാറിയിട്ടുണ്ട്. പദ്ധതി ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതിനാൽ ആയതിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് മാത്രമെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുവാൻ സാധിക്കുകയുള്ളൂവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം നടപടികൾ സ്വീകരിച്ച് പ്രസ്തുത സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 ഗുണഭോക്താക്കളിൽ നിന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | SO21/17 |
| പേര് | ഭവന നിർമ്മാണം (ജനറൽ) |
| അടങ്കൽ | 2,20,000/- |
| ചെലവ് | 2,40,000/- |
| ബിൽ നം. / തീയ്യതി | 20/16-17/13/3/17 |
| ചെലവ് | 2,40,000/- |
| ബിൽ നം. / തീയ്യതി | 21/16-17/25/3/17 |
| ചെലവ് | 2,30,000/- |
| ബിൽ നം. / തീയ്യതി | 27/16-17/25/3/17 |
| ആകെ ചെലവ് | 7,10,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

മേൽ സൂചിത പ്രോജക്റ്റ് നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ നിന്നും ജി.ഒ (എം.എസ്) 4/2016 തസ്വഭവ 11.1.16 ലെ സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന താഴെ പറയും രേഖകൾ ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല :

1.ഗുണഭോക്താളുമായി ഏർപ്പെട്ട കരാറിൽ പൂർണ്ണമായി വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.ആയതിൽ 30 ച.മീറ്ററിൽ കുറയാത്തതും 66 ച.മീറ്ററിൽ കവിയാത്തതുമായ തറ വിസ്തീർണ്ണത്തലാണ് വീട് നിർമ്മിക്കേണ്ടതെന്നുള്ള വ്യവസ്ഥയും, നിർമ്മിക്കുന്ന വീട് 12 വർഷക്കാലത്തക്ക് ക്രയവിക്രയം ചെയ്യാവുന്നതല്ലായെന്നും രേഖപ്പെടുത്തിയിട്ടില്ല.

2.സബ്സിഡി ഭാര്യയുടേയും ഭർത്താവിന്റേയും പേരിലായിരിക്കണം അനുവദിക്കേണ്ടത് എന്ന നിബന്ധനയും പാലിച്ചിട്ടില്ല.

മേൽ സാഹചര്യത്തിനുള്ള വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം ജി.ഒ (എം.എസ്) 4/2016 തസ്വഭവ 11.1.16ലെ നിർദ്ദേശങ്ങൾ ഭാവിയിൽ കർശനമായി പാലിക്കേണ്ടതാണ്.

## 3-11 വിഭാവനം ചെയ്ത പദ്ധതിയുടെ ലക്ഷ്യ പ്രാപ്തികൾ കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | SOO97/17 |
| പേര് | നെൽകൃഷി വികസനം |
| അടങ്കൽ (വികസന ഫണ്ട് ) | 1,08,000/-(36ഹെക്ടറിന് 3,000/- രൂപ വീതം) |
| അടങ്കൽ (ജില്ലാ പഞ്ചായത്ത്) | 1,08,000/-(36ഹെക്ടറിന് 3,000/- രൂപ വീതം) |
| ആകെ അടങ്കൽ | 2,16,000- |
| ചെലവ് | 90,000/- |
| ബിൽ നം./ | 1/16-17/22/3/17 |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ |

നെൽകൃഷിക്ക് ഉഴവ് കൂലി അനുവദിക്കുന്നതിനായി മേൽപ്പറയുന്ന പ്രോജക്റ്റ് പ്രകാരം വിഭാവനം ചെയ്തെങ്കിലും 30 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത പഞ്ചായത്തിലെ 58 കർഷകർക്ക് മാത്രമാണ് വിഹിതം ലഭ്യമാക്കിയിട്ടുള്ളത്.വിശദവിവരങ്ങൾ :

| | |
|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 90,000/-(30 ഹെക്ടറിന് 3,000/- രൂപ വീതം) |
| ജില്ലാ പഞ്ചായത്ത് വിഹിതം | 45,000/-(30 ഹെക്ടറിന് 1,500/- രൂപ വീതം) |

മേൽ സാഹചര്യത്തിനുള്ള വിശദീകരണം ആരാഞ്ഞപ്പോൾ വിഭാവന പ്രകാരമുള്ള വിഹിതം (മേൽ പട്ടിക കാണുക) നിർവ്വഹണ വേളയിൽ ലഭ്യമായില്ലായെന്നും ആനുപാതികമായി ജില്ലാ പഞ്ചായത്ത് അനുവദിച്ച വിഹിതത്തിലെ അപര്യാപ്തത മൂലവുമാണ് ആനുകൂല്യം പരിമിതപ്പെടുത്തുവാൻ കാരണമായതെന്നാണ് കൃഷി ഓഫീസർ വ്യക്തമാക്കിയുട്ടുള്ളത്.വിഭാവനം ചെയ്ത സ്രോതസ്സ് പദ്ധതി നിർവ്വഹണത്തിന് മുമ്പ് തന്നെ ലഭ്യമാക്കുവാനുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥ സമയബന്ധിതമായി സ്വീകരിച്ചെങ്കിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കുമായിരുന്നു.ആയതിനാൽ ഭാവിയിൽ വിഭാവന പ്രകാരമുള്ള വിഹിതം ലഭ്യമാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-12 തൻ വർഷത്തിൽ വിഭാവനം ചെയ്ത മിക്ക പദ്ധതികളും പൂർത്തീകരിച്ചില്ല

2016-17 വർഷത്തിൽ വി.ഇ.ഒ വിഭാവനം ചെയ്ത 16 പദ്ധതികളിൽ 10 എണ്ണം സ്പില്ലോവറായി തുടരുകയും ബാക്കി 6 പദ്ധതികളിൽ ഒരെണ്ണം പൂർത്തിയാക്കുകയും 5 എണ്ണം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ :

ഭാഗം - 1

| പ്രോജകറ്റ് നം. | പേര് | വകയിരുത്തിയത് | ചെലവഴിച്ചത് | ബാക്കി തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| SO1/17 | സമ്പൂർണ്ണ ശൗചാലയ നിർമ്മാണ പദ്ധതി | 50,82,000 | 14,32,200 | 36,49,800 | സ്പില്ലോവറായി തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| SO21/17 | ഭവന നിർമ്മാണം ജനറൽ | 22,00,000 | 14,90,000 | 7,10,000 | സ്പിലോവറായി തുടരുന്നു. |
| SO23/17 | ഭവന പുനരുദ്ധാരണം ജനറൽ | 8,80,000 | 3,40,000 | 5,40,000 | സ്പിലോവറായി തുടരുന്നു. |
| SO24/17 | ബയോഗ്യാസ് പ്ലാന്റ് | 10,37,000 | 10,37,000 | - | സ്പിലോവറായി തുടരുന്നു. |
| SO115/17 | വീട് റിപ്പയർ ജനറൽ | 1,40,000 | 60,000 | 80,000 | സ്പിലോവറായി തുടരുന്നു. |
| SO116/17 | ഭവന നിർമ്മാണം വനിത ഗൃഹനാഥ | 5,50,000 | 4,00,000 | 1,50,000 | സ്പിലോവറായി തുടരുന്നു. |
| SO122/17 | റിങ്ങ് കമ്പോസ്റ്റ് | 7,57,500 | 7,57,500 | - | സ്പിലോവറായി തുടരുന്നു. |
| SO123/17 | കുടിവെള്ള കിണർ നിർമ്മാണം | 5,00,000 | 3,40,000 | 1,60,000 | സ്പിലോവറായി തുടരുന്നു. |
| SO135/17 | കിണർ റിപ്പയർ | 3,30,000 | 1,85,000 | 1,45,000 | സ്പിലോവറായി തുടരുന്നു. |
| SO138/17 | ഭവന നിർമ്മാണം ജനറൽ | 56,50,000 | 21,10,000 | 35,40,000 | സ്പിലോവറായി തുടരുന്നു. |

ഭാഗം - 2 ഒഴിവാക്കിയത്/പൂർത്തീകരിച്ചത്

| | | | | | |
|---|---|---|---|---|---|
| SO22/17 | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം | 1,40,000 | 1,00,000 | 40,000 | മതിയായ ഗുണഭോക്താക്കളില്ലാത്തതിനാൽ ഒഴിവാക്കി |
| SO117/17 | ഭവന നിർമ്മാണം ജനറൽ | 7,70,000 | 3,70,000 | 4,00,000 | പദ്ധതിക്കായി<br><br>2 ലക്ഷം രൂപ ലഭിക്കുമെന്ന് പ്രതീക്ഷിച്ച ഗുണഭോക്താക്കൾ അനുവദിക്കപ്പെട്ട 1 ലക്ഷം മതിയാവത്തതിനാൽ<br><br>പദ്ധതി ഒഴിവാക്കപ്പെട്ടു. |
| SO118/17 | ഭവന നിർമ്മാണം വനിത ഗൃഹനാഥ | 3,10,000 | 10,000 | 3,00,000 | " |
| SO119/17 | ഭവന നിർമ്മാണം ജനറൽ | 2,50,000 | 40,000 | 2,10,000 | ,, |
| SO120/17 | ഭവന നിർമാമാണം പട്ടിക ജാതി | 40,000 | 20,000 | 20,000 | വീട് പണി പൂർണ്ണമാക്കാത്തതിനാലും LIFE ൽ ഉൾപ്പെടുത്തിയതിനാലും ഒഴിവാക്കി. |
| SO121/17 | ഭവന നിർമ്മാണം ജനറൽ | 10,000 | 10,000 | - | പൂർണ്ണമാക്കി |

മേൽ സൂചിത പട്ടികയിലെ വിവരങ്ങളിൽ നിന്നും വിഭാവനം ചെയ്ത നല്ലൊരു ഭാഗം പദ്ധതികൾ സ്പില്ലോവറായി തുടരുന്നതായും മറ്റ് പദ്ധതികൾ ഭാഗികമായി നിർവ്വഹിച്ച് ഉപേക്ഷിക്കപ്പെട്ടവയായും മനസ്സിലാക്കാവുന്നതാണ്.മതിയായ ഗുണഭോക്താക്കളില്ലാത്ത കാരണവും, അനുവദിക്കാവുന്ന പരമാവധി വിഹിതം ഇവർക്ക് ലഭ്യമാക്കാത്തതിനാലുമാണ് മേൽ സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.പദ്ധതി വിഭാവനം ചെയ്യുമ്പോൾ തന്നെ മതിയായ സാധ്യതാ പഠനം നടത്തി അതാത് വർഷങ്ങളിൽ തന്നെ നിർവ്വഹണം പൂർത്തീകരിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 മാർഗ്ഗദീപ്തിക്ക് ലഭ്യമാക്കിയ മരുന്നിന്റെ അളവ് സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S006/17 |
| പേര് | മാർഗ്ഗദീപ്തിക്ക് മരുന്ന് വിതരണം |
| അടങ്കൽ | 1,00,000/- |
| ചെലവ് | 58,000/- |
| ബിൽ നം. / തീയ്യതി | 9/16-17/31/3/17 |
| നിർവ്വഹണോദ്യോഗസ്ഥൻ | പി.എച്ച്.സി. മെഡിക്കൽ ഓഫീസർ |

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിക്ക് മരുന്നുകൾ ലഭ്യമാക്കുവാനായി തുക അനുവദിക്കുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.ലഭ്യമാക്കിയ മരുന്നുകളിൽ താഴെ പറയും ഇനം കുറവായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.വിശദാംശങ്ങൾ :

| ബില്ലിലെ ഫോളിയോ നം. | മരുന്നിന്റെ പേര് | ബില്ലിലെ അളവ് | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ അളവ് | കുറവ് |
|---|---|---|---|---|
| 12 | ലിത്തോസൺ എസ്.ആർ 400 എം.ജി | 1000 | 100 | 900 |

മേൽ സാഹചര്യത്തിനുള്ള വിശദീകരണം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കുവാൻ 22.7.2017 നുള്ള അന്വേഷണം നമ്പർ 11 ലൂടെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ മെഡിക്കൽ ഓഫീസർ ഓഡിറ്റ് വേളയിൽ ആയത് ഹാജരാക്കുകയുണ്ടായില്ല.

മേൽ സൂചിത മരുന്നിന്റെ (ബിൽ നം.110873 തീയ്യതി 27.3.17) യൂണിറ്റ് റേറ്റ് 3.25 ആണ്.സ്റ്റോക്ക് രജിസ്റ്ററിൽ ഫോളിയോ നം. 59 ൽ അളവ് കുറവായി രേഖപ്പെടുത്തിയ 900ത്തിന്റെ വിലയായ 2925/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.ആയത് ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-14 ആയുർവ്വേദ മരുന്നുകൾ ലഭ്യത, സ്റ്റോക്ക് എന്നിവ സംബന്ധിച്ച്:-

(A) ആയുർവ്വേദമെഡിക്കലാഫീസർ ബിൽ നം. 40/16-17പ്രകാരം 26.12.17ന് വാങ്ങിയ അഞ്ച് ലക്ഷം രൂപയുടെ മരുന്നുകളിൽ 506717/-രൂപയുടെ മരുന്നുകൾ ഔഷധി വിതരണം ചെയ്തതായി ബിൽ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ രണ്ടിനങ്ങളിലായി 13649/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കാതെ തെറ്റായി ഉൾപ്പെടുത്തിയതായി ഓഡിറ്റ് കണ്ടെത്തി. ടി ഇനത്തിൽ പിന്നീട് ക്രമീകരിച്ച വകയിൽ 6932/-രൂപയുടെ മരുന്നുകൾ കൂടി ഔഷധിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
(B)പ്രോജക്റ്റ് നം .14/17പ്രകാരം ജെറിയാട്രിക് ഹെൽത്ത് കെയറിനായി 25-2-2017ലെ ബിൽനം.49/2016-17ലൂടെ 200000/-രൂപയുടെ മരുന്ന് വാങ്ങിയതിൽ 164949/-രൂപയുടെ മരുന്നുകൾ മാത്രമാണ് മൂന്ന് തവണകളായി ഡിസ്പെൻസറിയിൽ ലഭ്യമായിരിക്കുന്നത്. അവശേഷിക്കുന്ന 35051/-രൂപയുടെ മരുന്നുകൾ കൂടി ഔഷധിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(C)സ്റ്റോക്ക് രജിസ്റ്റർ വാർഷികമായും പ്രോജക്റ്റിന് അനുസൃതമായും തയ്യാറാക്കി സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. എല്ലാമരുന്നുകളും മെയിൻ സ്റ്റോക്കിലൂടെ എടുത്ത് വിതരണം ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-15 തൊഴിലുറപ്പപദ്ധതി മുഖേനയുള്ള കിണർ നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കണം:-

തൊഴിലുറപ്പുപദ്ധതി മുഖേന ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ 2തുറന്നകിണറുകൾ വീതം പരമാവധി കിണറൊന്നിന് പരമാവധി 30000/-രൂപ എന്ന നിരക്കിൽ നിർമ്മാണം നടത്തി പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പല കിണറുകളും ആൾമറ കെട്ടി പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. കുടിവെള്ള ക്ഷാമം നേരിടുന്ന പഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതി മുഖേനയുള്ള കിണർ നിർമ്മാണ പ്രവർത്തികൾ എന്തുകൊണ്ടും അഭിലഷണീയമാണ്. ആൾമറ കെട്ടി പ്രവർത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-16 ഇ ടെൻഡർ ഫീ തുക ഗ്രാമപഞ്ചായത്തിലേക്ക് ലഭിക്കുന്നില്ല.

ഇ ടെൻഡർ മുഖേനയുള്ള അഞ്ച് ലക്ഷം രൂപയ്ക്ക്മുകളിലുള്ള പ്രവർത്തികളുടെ ടെണ്ടർ ഫീ തുകകൾ ഗ്രാമപഞ്ചായത്തിലേക്ക് ലഭ്യമാകുന്നില്ല. ടി തുകകൾ ജില്ലാ പഞ്ചായത്ത് ഡിപി ഡിവിഷൻ എക്സിക്യുട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിലേക്കാണ് നിലവിൽ ട്രാൻസ്ഫർ ആകുന്നത് .ടി തുക യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനമായതിനാൽ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. (എൽ എസ് ജി ഡി ചീഫ്എഞ്ചിനീയറുടെ 10.10.2013,19.12.2016,21.12.2016എന്നീ തീയ്യതികളിലെDB1-7942/2013 /CE/LSGD നംമ്പർ സർക്കുലർ പ്രകാരവും,സ.ഉ(എംഎസ്)318/13 തസ്വഭവ. തീയ്യതി 28.9.2013പ്രകാരവും ഇ ടെൻഡർ സമർപ്പിക്കുന്നവരിൽ നിന്നും ഇഎംഡി, ടെൻഡർ ഫീ മുതലായവ സ്വീകരിക്കുന്നതിന് ഒരു ബാങ്ക് അക്കൌണ്ട് ആരംഭിക്കുവാൻ നിർദ്ദേശം നല്കിയിരുന്നു.)വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതും തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 3-17 സമ്പൂർണ്ണ ശൌചാലയ നിർമ്മാണ പദ്ധതി വിഹിതം ഭാഗികമായി കൈപ്പറ്റി പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെ - സംബന്ധിച്ച്

| | |
|---|---|
| പ്രോജകറ്റ് നം. | S001/17 |

| | |
|---|---|
| പേര് | സമ്പൂർണ്ണ ശൗചാലയ നിർമ്മാണ പദ്ധതി |
| അടങ്കൽ | 50,82,000/- |
| ചെലവ് | 6,80,000/- |
| ബിൽ നം. / തീയ്യതി | 1/16-17/31/10/16 |
| ചെലവ് | 1,25,800/- |
| ബിൽ നം. / തീയ്യതി | 12/16-17/31/12/16 |
| തനത് ഫണ്ട് | 28,44,000/- |
| ആകെ ചെലവ് | 36,49,800/- |

ടി പ്രോജകറ്റ് പ്രകാരം 2016-17 വർഷത്തിൽ 237 ഗുണഭോക്താക്കളിൽ 222 പേർ 7,700 രൂപ 2 തുല്യ ഗഡുക്കളായി കൈപ്പറ്റി ശൗചാലയ നിർമ്മാണം പൂർത്തീകരിക്കുകയും ബാക്കി 15 പേർ ആദ്യ ഗഡുവായ 7700 രൂപ കൈപ്പറ്റി ആയതിനുള്ള പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2ാം ഗഡുവിനുള്ള പണി പൂർത്തിയാക്കാത്ത 15ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | വാർഡ് നം. |
|---|---|---|
| 1. | കുറുമ്പി w/o മാതൻ, അമ്പലപ്പാറ കോളനി | 2 |
| 2. | ചന്ദ്രൻ S/o വെളിപ്പൻ,അമ്പലപ്പാറ | 2 |
| 3. | ചാത്തിW/o കുട്ടൻ, അമ്പലപ്പാറ | 2 |
| 4. | മാതി W/o കുറുമ്പൻ, അമ്പലപ്പാറ | 2 |
| 5. | സഹദേവൻ S/o കുറുമ്പൻ അമ്പലപ്പാറ | 2 |
| 6. | അഷറഫ് S/o കുഞ്ഞഹമ്മദ്, അരിയൂർ | 6 |
| 7. | രാധാകൃഷ്ണൻ, S/o ചാമി, ആര്യങ്കാവ് | 10 |
| 8. | സുനിൽ S/o രാമകൃഷ്ണൻ, ചെറുവന്നിക്കോട് | 11 |
| 9. | വെള്ളക്കി, ചോലക്കാട്ടിൽ, നായാടിപ്പാറ | 11 |
| 10. | സരോജനിയമ്മW/o രാവുണ്ണി നായർ, വെള്ളത്ത് | 11 |
| 11. | കദീജ മുഹമ്മദ്, മുളയൻമായി വീട് | 20 |
| 12. | ചെറിയ കുറുമ്പൻ, s/o ചാത്തൻ, കരടിയോട് | 4 |
| 13. | കുഞ്ഞമ്മ,W/o അയ്യപ്പൻ, നായാടിപ്പാറ | 11 |
| 14. | ലീലW/o കുറുമ്പൻ, അമ്പലപ്പാറ | 2 |
| 15 | കുറുമ്പി, w/o കങ്കൻ, കാപ്പ്പറമ്പ് | 1 |

മേൽ സൂചിത പട്ടികയിലെ 15 ഗുണഭോക്താക്കളും ബാക്കിയായ 2 -ാം ഗഡുവായ 7700 രൂപയ്ക്കുള്ള പണി ചെയ്ത് വരുന്നതേയുള്ളൂവെന്നും ആയത് പൂർത്തിയാക്കുവാനുള്ള നിർദ്ദേശം ഇവർക്ക് നൽകിയിട്ടുണ്ടെന്നും വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.ആയതിനുള്ള നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 3-18 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്.

കോട്ടോപ്പാടം ഗ്രാമ പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അംഗണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ ഓഡിറ്റ് കാലയളവിൽ (17.10.2016ന് )ഒരു തവണ മാത്രമേ ചെന്നയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ.ആയതിന്റെ ലാബ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010എന്ന തിയ്യതിയിലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫാസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.ആയതിനാൽ അനുവധനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ഭക്ഷ്യമിശ്രുതത്തിന്റെ സാമ്പിളുകൾ ലാബിലേക്ക് അയച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 40 |
| 2 | ജീവനക്കാരുടെ എണ്ണം(വർക്കർ,ഹെൽപ്പർ) | 40,40 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 5 |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 40 |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | ഇല്ല |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 8 | ഫാൻ ഇല്ലാത്തവ | ഇല്ല |
| 9 | ബേബി ഫ്രണ്ടലിടോയ്‌ലറ്റ് ഇല്ലാത്തവ | 40 |
| 10 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 20 |
| 11 | ചുറ്റ് മതിൽ ഇല്ലാത്തവ | 2 |
| 12 | അങ്കണവാടികൾക്കായി വാടകയ്ക്കെടുത്ത കെട്ടിടങ്ങളുടെ എണ്ണം | 2 |
| 13 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | ഇല്ല |
| 14 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല |

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1.പഞ്ചായത്തിന്റെ അധീനതയിലുള്ള അംഗണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ,മെയ് മാസങ്ങളിലായി പൂർത്തീകരിക്കേണ്ടതാണ്.

2.വൈറ്റ് വാഷിംഗ്,പെയിന്റിംഗ്,ബേബി ഫ്രണ്ടലി ടോയ്‌ലെറ്റ്,എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

4.ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അംഗണവാടികൾക്കായി വാടകയ്ക്കെടുക്കുവാൻ പാടുള്ളൂ.

5.കുടിവെള്ള സംവിധാനത്തിന്റെ പോരായ്മ ദൂരീകരിക്കുവാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

കൂടാതെ അംഗണവാടികളിലെ ഭൗതിക സാഹചര്യം വിലയിരുത്തി തയാറാക്കിയ മേൽ സൂചിത പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന മറ്റ് പോരായ്മകൾ കൂടി ദൂരീകരിക്കുവാനുള്ള പരിഹാര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 148800/- | 104/17ശാരീരീക മാനസീക വെല്ലുവിളികൾ നെരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 148800/- | ഒന്നുമില്ല |
| ജില്ലാ പഞ്ചായത്ത് | - | - | - | - |
| സംസ്ഥാനവിഹിതം | - | - | - | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

181/17 സമ്പൂർണ്ണ വൈദ്യുതീകരണം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | 181/17 സമ്പൂർണ്ണ വൈദുതീകരണം | - | 3,35,000/- | 335,000/- | - | - |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | - | - | 3,35,000/- | 335,000/- | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2150/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-1 | 2150/- | മേരി കെ.ഇട്ടൂപ്പ്,സെക്രട്ടറി | 02070/Dt.28-7-2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 88727742/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51555822/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10069/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 180179/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 7144 | കെ.അബ്ദുൾ അസീസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 2925 | ഡോ.അബ്ദു കല്ലടി, മെഡിക്കൽ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 50000 | ശ്രീ.സന്തോഷ്വർഗ്ഗീസ്,അസി.സെക്രട്ടറി |
| 3-4 | 5127 | പി.ദിവ്യ,ക്ഷീരവികസനഓഫീസർ |
| 3-8 | 125052 | ഡോ.അബ്ദു കല്ലടി,മെഡിക്കലാഫീസർ, ആരോഗ്യം |
| ആകെ | 180179 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.അബ്ദുൾഅസ്സീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,കരിമ്പ ഗ്രാമ പഞ്ചായത്ത് | കരപ്പാട് വീട് അലനല്ലൂർ പി.ഒ പാലക്കാട്.678601 |
| ഡോ.അബ്ദു കല്ലടി മെഡിക്കലാഫീസർ | മെഡിക്കലാഫീസർ,പി.എച്ച്.സി,കോട്ടോപ്പാടം. | കല്ലടി വീട് കോട്ടോപ്പാടം പിഒ പാലക്കാട്.678583 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി.5/-440/98 /തിയതി.14-11-98 | ഫർതർ റിമാർക്സ് |
| 1997-98 | ടി | |
| 1998-99 | എൽ.എഫ്.പി.5/9/98 തിയതി.14-11-98 | |
| 1999-00 | എൽ.എഫ്.പി.11/1096/03 തിയതി 01-09-2004 | |
| 2000-01 | എൽ.എഫ്.പി.11/543/05 തിയതി.14-02-2007 | |
| 2001-02 | എൽ.എഫ്.പി.11/350/2006 തിയതി.30-01-2007 | |
| 2002-03 | എൽ.എഫ്.പി.11/713/2008 തിയതി 02-06-2009 | |
| 2003-04 | എൽ.എഫ്.പി.11/714/2008 തിയതി.02-06-09 | |
| 2004-05 | എൽ.എഫ്.പി.11/715/2008 തിയതി.02-06-2009 | |
| 2005-06 | എൽ.എഫ്.പി.11/716/2008 തിയതി.02-06-2009 | |
| 2006-07 | എൽ.എഫ്.പി.11/717/2008 തിയതി.02-06-2009 | |
| 2007-08 | എൽ.എഫ്.പി.20/137/2012 തിയതി 16-01-12 | |
| 2008-09 | എൽ.എഫ്.പി.20/138/2012 തിയതി 16-01-12 | |
| 2009-10 | എൽ.എഫ്.പി.20/1420/2013 തിയതി 08-04-14 | |
| 2010-11 | എൽ.എഫ്.പി.20/1421/2013 തിയതി 08-04-14 | |
| 2011-12 | എൽ.എഫ്.പി.20/1756(എ)/2014 തിയതി.17.09-14 | |
| 2012-13 | എൽ.എഫ്.പി.20/360/2015 തിയതി14-05-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 & 2014-15 | നം.കെ.എസ്.എ. പി.കെ.ഡി9/ 956 /2016/13.07.2016 | ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 2015-16 | നം.കെ.എസ്.എ.<br>പി.കെ.ഡി.9-2142/16/2-2-2017 | ഓഡിറ്റ്<br>റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ.

# 1

## അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ പികെഡി 9-1644/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി 02.11.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കോട്ടോപാടം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടോപാടം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. ട്രഷറി പാസ്ബുക്ക് അക്കൗണ്ട് ഹാജരാക്കിയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD 9-1644/2017

Kerala State Audit Department

District Audit Office,Palakkad

Date 02.11.2017.

## Audit Certificate

Certified that I have audited the Annual Financial Statement of Kottopadam Grama Panchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kottopadam Grama Panchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.
2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.
3. The DCB statement of building permit is not prepared & certified according to financial year.
4. Treasury passbook account is not produced.

Deputy Director